(ബി-സി) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പൊതു വിദ്യാഭ്യാസ സെക്രട്ടറി കോ-ഓർഡിനേറ്ററായി ഒരു സമിതിയും വിവിധ അദ്ധ്യാപക സംഘടനകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി സബ് കമ്മിറ്റിയും രൂപീകരിച്ചു. തുടർന്ന് ഇത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശ്രീമതി ലിഡാ ജേക്കബ് ഐ.എ.എസ്. (റിട്ട)-നെ കമ്മീഷനായും നിയമിച്ചു. കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. അത് പരിശോധിച്ചു വരുന്നു. ശ്രീമതി ലിഡാ ജേക്കബ് കമ്മീഷൻ നൽകിയ റിപ്പോർട്ടും കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പരിഷ്കരിക്കാൻ നിയോഗിച്ച ശ്രീ. സി. പി. നായർ കമ്മിറ്റി റിപ്പോർട്ടും കൂടി പരിഗണിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ ശിപാർശ ചെയ്യാനായി പൊതുവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീമതി പി. വനജ കൺവീനറായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

വിദ്യാഭ്യാസ വകുപ്പിലെ വിവിധ കമ്മീഷനുകൾ

9(698) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വിദ്യാഭ്യാസ വകുപ്പിൽ എത്ര കമ്മീഷനുകളെ ഇതിനകം നിയമിച്ചു ;

(ബി) കമ്മീഷൻ ചെയർമാൻ, ഓരോ കമ്മീഷന്റെയും നിയമന ലക്ഷ്യം എന്നിവ എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(സി) ഇതിൽ എത്ര കമ്മീഷനുകളിൽ നിന്ന് ഇതിനകം റിപ്പോർട്ട് ലഭിച്ചു ; ലഭിച്ച റിപ്പോർട്ടുകളിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെ ;

(ഡി) ഇനിയും റിപ്പോർട്ട് സമർപ്പിക്കാത്ത കമ്മീഷനുകളുണ്ടോ ; എങ്കിൽ റിപ്പോർട്ട് സമർപ്പണത്തിന്റെ താമസത്തിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഇ) വിവിധ കമ്മീഷനുകളുടെ പ്രവർത്തനത്തിനായി ഇതിനകം മൊത്തം എത്ര തുക ചെലവായി ; കമ്മീഷന്റെ പേര്, ചെലവായ തുക എന്നിവ പ്രത്യേകം വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

വിദ്യാഭ്യാസ വകുപ്പിൽ ആർ.എം.എസ്.എ. നടപ്പാക്കുന്നതിന് നടപടി

10(699) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പിൽ ആർ.എം.എസ്.എ. പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നത്തേക്ക് ഇത് പൂർണ്ണമായും നടപ്പിലാക്കും എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly